**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 237** **22-06-2026-ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** 2026 ജൂൺ മാസം വിതരണം നടത്തേണ്ട ഭക്ഷ്യധാന്യങ്ങളുടെ വിതരണം എൻ.എഫ്.എസ്.എ (നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്) കോൺട്രാക്ടർമാർ റേഷൻ കടകളിൽ നടത്തിയിട്ടില്ല എന്നും ഇത് കാരണം മിക്ക റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് ഇല്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും 2026 ജൂൺ മാസത്തേക്കുള്ള വാതിൽപ്പടി വിതരണം ഏകദേശം 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, അതത് മാസത്തെ വിതരണത്തോടൊപ്പം അടുത്ത മാസത്തേക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ ഒരു ഭാഗം അഡ്വാൻസായി നൽകിവരുന്നതിനാൽ സംസ്ഥാനത്തെ എല്ലാ ന്യായവിലക്കടകളിലും ആവശ്യമായ ബഫർ സ്റ്റോക്ക് ലഭ്യമായതിനാൽ റേഷൻ വിതരണം തടസ്സപെട്ടിട്ടില്ല.

**(ബി)** ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സെക്ഷൻ ഓഫീസർ**